# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 മാർച്ച് 13, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

62 (*361) വനസംരക്ഷണം കാര്യക്ഷമമാക്കാൻ നടപടി

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതായും ഉദ്യോഗസ്ഥതലത്തിൽ വാക്കിടോക്കി, വയർലെസ് സെറ്റുകൾ; വകുപ്പുതലത്തിൽ മൊബൈൽ ഫോൺ/സിം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് HAWK (Hostile Activity Watch Kernal), വന്യജീവികളുടെ മരണം

റിപ്പോർട്ട് ചെയ്യുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ, വനപരിപാലനത്തിന് 'വൻ ആപ്പ്' (Van App), പട്രോളിംഗിന് M-stripes സോഫ്റ്റ്‌വെയർ എന്നിവയും ഡ്രോൺ, ഫോറസ്റ്റ് ഫയർ അലർട്ട് തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വനം കയ്യേറ്റം തടയുന്നതിന് ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും നടപ്പുസാമ്പത്തിക വർഷം 1379 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ടെന്നും 2023-24 ൽ 6000 ജണ്ടകൾ നിർമ്മിക്കുമെന്നും വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ തയ്യാറാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കി. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഭൂമിയുടെ അളവനുസരിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്ന സംവിധാനം പുനരാലോചനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്നും വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്‌മെന്റ് സൊസൈറ്റിയുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കടുവകളുടെയും ആനകളുടെയും സെൻസസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പുലിയെ

പിടികൂടാൻ കൂട് സ്ഥാപിക്കുന്നതിനുള്ള നടപടി ലഘൂകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഇടക്കുന്നത്തെ കാട്ടുപോത്ത് ആക്രമണം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

63 (*362) <u>ജലസമൃദ്ധി പദ്ധതി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുതലങ്ങളിൽ നീർത്തട പ്ലാനുകളും നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ടെന്നും നീർത്തട പ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ജലസേചനം, പഞ്ചായത്ത് വകുപ്പുകളുടെ മേൽനോട്ടത്തിൽ നിർവ്വഹിച്ചിട്ടുണ്ടെന്നും കാട്ടാക്കട പഞ്ചായത്തിൽ 'ജലസമൃദ്ധി പദ്ധതി', മാണിക്കൽ പഞ്ചായത്തിൽ 'പുഴയൊഴുകും മാണിക്കൽ' തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയവയാണെന്നും സഭയെ അറിയിച്ചു. കാട്ടാക്കട നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുത്ത 40 സർക്കാർ സ്ഥാപനങ്ങളിലെയും അഞ്ച് അങ്കണവാടികളിലെയും തുറന്ന കിണറുകളിൽ ഭൂജലസംപോഷണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ നീർച്ചാലുകൾ രേഖപ്പെടുത്താനുള്ള

പ്രവർത്തനവും ഭൂജലസ്രോതസ്സുകളുടെ വിവര ശേഖരണവും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 15 ബ്ലോക്ക്പഞ്ചായത്തുകളിലും 94 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും ഇതിനായി രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയംഗങ്ങൾക്ക് പരിശീലനം നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ ശില്പശാല സംഘടിപ്പിച്ച് പ്രവർത്തന പരിപാടി അന്തിമമാക്കുകയും ഒരു മോഡ്യൂളിന്റെ സോഫ്റ്റ്‌വെയർ വികസനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കി. ജലബജറ്റിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജലസുരക്ഷാ പ്ലാൻ നടപ്പാക്കി ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് മാലിന്യമുക്തമാക്കുമെന്നും 'ഇനി ഞാനൊഴുകട്ടെ', 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' തുടങ്ങിയ കാമ്പയിനുകൾ നടന്നുവരുന്നതായും 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നതായും മന്ത്രി അറിയിച്ചു. ദ്വൈമാസ അടിസ്ഥാനത്തിൽ നദികളിലെ ജലഗുണനിലവാര പരിശോധന നടത്തിവരുന്നുണ്ടെന്നും ഹരിതകേരളം മിഷന്റെ ഭാഗമായി 166 ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ശാസ്ത്രീയമായ പഠനത്തിന്റെ

അടിസ്ഥാനത്തിൽ പുഴകളെ ജലസംഭരണികളാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും കിഫ്ബി മുഖേനയുള്ള ജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും ജലമലിനീകരണം തടയുന്നതിന് സ്വിവറേജ് സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തലശ്ശേരി-കുത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

64 (*363) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ ഉന്നമനവും വരുമാന വർദ്ധനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സമ്പാദ്യ സമാശ്വാസം, കടൽ സുരക്ഷ, സമുദ്ര ബസ് സർവ്വീസ്, സാന്ത്വനതീരം, പുനരധിവാസം, വിദ്യാഭ്യാസ സഹായം, ഇൻഷ്വറൻസ് തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ

നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഗുണഭോക്തൃ വിഹിതത്തിന്റെ 30% അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ടെന്നും നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്ന് ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കി. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷയും സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യബന്ധന തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ മത്സ്യഫെഡ് വഴി മണ്ണെണ്ണ നൽകിവരുന്നുണ്ടെന്നും മണ്ണെണ്ണയുടെ ഉപയോഗം പരമാവധി

കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി "Motorisation of country crafts" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 40 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പാക്കിവരുന്നുണ്ടെന്നും അറിയിച്ചു. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ 2022-23 സാമ്പത്തിക വർഷത്തെ മൂന്നാം ഗഡു കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്നും തീരദേശമേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി 43 മണ്ഡലങ്ങളെയും കേന്ദ്രീകരിച്ച് വിപുലമായ കാമ്പയിൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പ് ലഭ്യമാക്കിയ ഭൂമിയിൽ 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും 'കൂട് മത്സ്യകൃഷി' സമുദ്രത്തിൽ നടത്തുന്ന സമ്പ്രദായം വിപുലമാക്കുമെന്നും ഇതിനായി 9 കോടി രൂപ അധികമായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും മത്സ്യബന്ധന യാനങ്ങളുടെ യൂസേജ്/രജിസ്ട്രേഷൻ ഫീ കുറയ്ക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി

അറിയിച്ചു.

65 (*364) ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യമാർക്കറ്റുകൾ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ചുകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ടെന്നും നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊട്ടാരക്കരയിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 502 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന ആധുനിക മത്സ്യമാർക്കറ്റുകളിൽ മത്സ്യവിപണനത്തിനായി പ്രത്യേകം സ്റ്റാളുകൾ, മത്സ്യം കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജല സംസ്കരണ യൂണിറ്റ്, കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് 'ചിൽ റൂം'', കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിന് 'റെസ്റ്റ് റൂം', പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ്, ശുദ്ധജല ലഭ്യത എന്നിവ ഉറപ്പുവരുത്തുന്നുണ്ടെന്നും

മത്സ്യമാർക്കറ്റിന്റെ നടത്തിപ്പും പരിപാലനവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിവരുന്നുണ്ടെന്നും വ്യക്തമാക്കി. ഗുണമേന്മയുള്ള മത്സ്യം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സംഘങ്ങൾ വഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളിൽനിന്ന് നേരിട്ടും ശേഖരിച്ച് ഫിഷ് മാർട്ടുകൾ മുഖേന മത്സ്യഫെഡ് വിപണനം നടത്തുന്നുണ്ടെന്നും 'സ്ട്രീറ്റ് ഫിഷ് വെൻഡിംഗ് കിയോസ്ക്-മീൻകൂട്' പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ടി പദ്ധതിയിലൂടെ 50 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭ്യമാകുന്നതാണെന്നും അറിയിച്ചു. മത്സ്യത്തിന് ന്യായവില ലഭ്യമാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനും അന്യസംസ്ഥാനത്തുനിന്നും വരുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുന്നുണ്ടെന്നും സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

66 (*365) എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമായ സാംസ്കാരിക സമുച്ചയങ്ങൾ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി മാറുന്നതാണെന്നും സഭയെ അറിയിച്ചു. വിവിധ സാമൂഹ്യവിഭാഗങ്ങളുടെ സാംസ്കാരികത്തനിമയും വൈവിധ്യവും സംരക്ഷിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണെന്നും വകുപ്പിന്റെയും വകുപ്പിനുകീഴിലുള്ള വിവിധ അക്കാദമികളുടെയും സ്ഥാപനങ്ങളുടെയും കേരള

കലാമണ്ഡലത്തിന്റെയും പരസ്പര പൂരകമായ പ്രവർത്തനങ്ങളിലൂടെയാണ് വിവിധ മേഖലകളുടെ ശാക്തീകരണം സാദ്ധ്യമാക്കുന്നതിന് ശ്രമിക്കുന്നതെന്നും വ്യക്തമാക്കി. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലൂടെ നടത്തുന്ന ഇടപെടലുകൾക്ക് പുറമെ, വ്യത്യസ്ത കലകളുടെയും സംസ്കാരങ്ങളുടെയും സംരക്ഷണത്തിനായി രൂപംകൊണ്ടിട്ടുള്ള സ്ഥാപനങ്ങൾക്കും പലതരത്തിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ സംസ്കാരവും ജീവിതവും തുടിക്കുന്ന കലാപരിപാടികളിലൂടെ മതനിരപേക്ഷതയും ബഹുസ്വരതയും മാനവികതയും വളർത്തിയെടുക്കുന്നതിനായി നൃത്ത-നാടക-സംഗീത ഉത്സവങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം ലളിതകലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കലാക്യാമ്പുകൾ, കലാപ്രദർശനങ്ങൾ, കലാകൂട്ടായ്മകൾ എന്നിവയും നാടൻകലകളുടെ പ്രോത്സാഹനത്തിനായി ഫോക്‌ലോർ ക്ലബുകളുമായി ചേർന്ന് നാടൻ കലാപരിപാടികളും വിവിധ ജില്ലകളിൽ ഗ്രാമസന്ധ്യകളും കലാകാരന്മാരെ ആദരിക്കുന്ന ചടങ്ങുകളും സംഘടിപ്പിക്കുന്നുണ്ടെന്നും ഗ്രാമ, നഗര ഭേദമെന്യേ സാംസ്കാരിക തെരുവുകളും കലാസാംസ്കാരിക പ്രവർത്തനം സാധ്യമാകുന്ന പൊതുയിടങ്ങളും സൃഷ്ടിക്കുന്ന ‘ നാട്ടരങ്ങ്' പദ്ധതി പാലക്കാട് വടക്കഞ്ചേരിയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ

ജില്ലകളിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും വ്യക്തമാക്കി. സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി ബഹുഭാഷ സർഗ്ഗോത്സവം, ലിപിയില്ലാത്ത ജനസമൂഹങ്ങളുടെ ഒത്തുചേരൽ, കേരളത്തിലെ ഗോത്ര സമൂഹം, ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാരായ കുട്ടികൾ, മറ്റ് ജനവാസകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള സാംസ്കാരികോത്സവങ്ങൾ സംഘടിപ്പിക്കുന്നുണ്ടെന്നും വിവിധ കലാരൂപങ്ങളിൽ ശാസ്ത്രീയമായ പരിശീലനം നൽകുന്നതോടൊപ്പം വ്യത്യസ്ത ഭാഷാ സംസ്കാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി അക്കാദമികൾ പ്രവർത്തിക്കുന്നുണ്ടെന്നും കുട്ടികളിൽ വർദ്ധിച്ചുവരുന്ന ഓൺലൈൻ ഗെയിം അഡിക്ഷൻ നിയന്ത്രിക്കുന്നതിന് കേന്ദ്ര സഹായത്തോടെ സമഗ്ര നിയമം കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.